ഗ്രാമവികസന കമ്മീഷണറുടെ നടപടി ക്രമം

(ഹാജർ : എം. നന്ദകുമാർ, ഐ.എ.എസ്)

വിഷയം :- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട്/അക്കൗണ്ട്സ് ഓഫീസർ - ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ/സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് തസ്തികമാറ്റം വഴിയുള്ള നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1. 16.02.2011-ലെ സ.ഉ.(പി) 44/11/ത.സ്വ.വ നമ്പർ ഉത്തരവ്.
2. 29.03.2011-ലെ ബഹു.കേരള ഹൈക്കോടതിയുടെ 9820/2011 നമ്പർ റിട്ട്പെറ്റീഷൻമേലുള്ള ഇടക്കാല ഉത്തരവ്.
3. 22.06.2012-ലെ (സാധാ) 1694/2012/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ് നം. 25429/എസ്റ്റാ.ബി1/2011/സി.ആർ.ഡി തിയ്യതി: 25.06.2012

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമവികസന വകുപ്പിലെ ജീവനക്കാരുടെ നിയമന വ്യവസ്ഥകൾ സംബന്ധിച്ച സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യപ്പെടുകയും ഗ്രാമവികസന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ഹെഡ്ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം മുഖാന്തിരം നിയമിക്കുന്നതിന് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ/സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് ട്രാൻസ്ഫർ മുഖാന്തിരമുള്ള നിയമനാനുപാതമായ 33 1/3%-ൽ നിന്നും 8%(12 തസ്തികകൾ) അനുവദിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി (ലോവർ) അംഗീകൃത ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്ക് സെലക്ട് ലിസ്റ്റിൽ നിന്ന് പ്രൊമോഷൻ വഴിയും, സീനിയർ സൂപ്രണ്ട് അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ നിന്നും തസ്തികമാറ്റം വഴിയുമായി 12 മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ/സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് സ്ഥാനത്തേയ്ക്ക് നിയമനം നൽകിയിരുന്നു. അപ്രകാരം നിയമിക്കപ്പെട്ടവരിൽ 2 പേർ തസ്തിക മാറിപ്പോവുകയും 3 പേർ 31.03.2011-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അർഹമായ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ/സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് തസ്തികയിൽ 5 ഒഴിവുകളുണ്ടായി. എന്നാൽ സ്പെഷ്യൽ റൂൾ പ്രകാരമുള്ള ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ തസ്തികയിലെ ബൈ ട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട **WP(C) 9820/11** കേസിൽ പരാമർശം രണ്ടുപ്രകാരം ബഹു.കേരളാ ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുപ്രകാരം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ / സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് തസ്തികയിലേയ്ക്കുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ/തസ്തികമാറ്റം നിയമനങ്ങൾ 16.02.2011-നു ശേഷം പ്രസ്തുത വിഭാഗത്തിലുണ്ടാവുന്ന ഒഴിവുകളിലേയ്ക്ക് പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ മേൽ പ്രസ്താവിച്ച 5 ഒഴിവുകൾ നികത്താനാവാത്ത സാഹചര്യം സംജാതമാവുകയുണ്ടായി. കേസിന്മേലുള്ള അന്തിമവിധി അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ടി വിഷയം

സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും നിലവിലുള്ള കേസുകളുടെ അന്തിമ വിധിയ്ക്ക് വിധേയമായി നിയമനം നടത്തുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷിയ്ക്കുകയുണ്ടായി .

പരാമർശം (3) പ്രകാരം സർക്കാർ പ്രസ്തുത വിവരം വിശദമായി പരിശോധിക്കുകയും നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടുത്തും കോടതി കേസുകളിൽ അന്തിമ വിധി ഉണ്ടാകാത്ത സാഹചര്യം പരിഗണിച്ചും ഗ്രാമവികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അർഹമായ നിലവിലുള്ള 5 ഒഴിവുകളിലേയ്ക്ക് WP (C) No.34657/10, WP (C) No.9820/11 എന്നീ പെറ്റീഷനുകളിൽ ഉണ്ടാകുന്ന ബഹുമാനപ്പെട്ട കോടതി വിധിയുടെ അന്തിമ വിധിക്ക് വിധേയമായി തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ താഴെ പറയുന്ന സീനിയർ സൂപ്രണ്ട്/ അക്കൗണ്ട്സ് ആഫീസർമാർക്ക് ബ്ളോക്ക് ഡെവലപ്മെന്റ് ഓഫീസർ/ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായി WP (C) No.34657/10 WP (C) No.9820/11-ന് എന്നീ കേസുകളിൻമേലുള്ള അന്തിമ തീർപ്പിനു വിധേയമായി തസ്തിക മാറ്റം വഴി താത്കാലികമായി നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലവും | തസ്തികയും സ്റ്റേഷനും |
|---|---|---|
| 1 | ശ്രീ.നിബു.റ്റി.കുര്യൻ, സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജ)ഓഫീസ്, വയനാട് | സെക്രട്ടറി, ബ്ളോക്ക് പഞ്ചായത്ത്, പനമരം, വയനാട് ജില്ല |
| 2 | ശ്രീ.വി.ഷിബു, സീനിയർ സൂപ്രണ്ട്, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം | സെക്രട്ടറി, ബ്ളോക്ക് പഞ്ചായത്ത്, പറക്കോട്, പത്തനംതിട്ട ജില്ല |
| 3 | ശ്രീമതി.പി.ഒ.ഐഷാബി, അക്കൗണ്ട്സ് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, കാസർഗോഡ് | സെക്രട്ടറി, ബ്ളോക്ക് പഞ്ചായത്ത്, അരീക്കോട്, മലപ്പുറം ജില്ല |
| 4 | ശ്രീ.പി.റ്റി.സണ്ണി, അക്കൗണ്ട്സ് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, ഇടുക്കി | സെക്രട്ടറി, ബ്ളോക്ക് പഞ്ചായത്ത്, പറവൂർ, എറണാകുളം ജില്ല |
| 5 | ശ്രീ.എ.പി.ലോഹിതാക്ഷൻ, സീനിയർ സൂപ്രണ്ട്, ഓഫീസ് ഓഫ് ദി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജ), കണ്ണൂർ | സെക്രട്ടറി, ബ്ളോക്ക് പഞ്ചായത്ത്, ഇരിട്ടി, കണ്ണൂർ ജില്ല |

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ടി ഉദ്യോഗസ്ഥരെ യഥാസമയം വിടുതൽ ചെയ്യേണ്ടതും പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. തസ്തികമാറ്റം വഴിയുള്ള ടി നിയമനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പൊതു സ്ഥലംമാറ്റം 2012 പ്രകാരം ആവശ്യമായി വരുന്ന മാറ്റങ്ങൾക്കു കൂടി വിധേയമായിരിക്കും.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

പകർപ്പ്:
1) വ്യക്തികൾക്ക്
2) ബന്ധപ്പെട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജ) മാർക്ക്
3) ബന്ധപ്പെട്ട പ്രോജക്ട് ഡയറക്ടർമാർക്ക്
4) അക്കൗണ്ടന്റ് ജനറൽ, കേരള, തൃശൂർ
5) ചീഫ് ഓഫീസർ, ആർ.ഐ.ബി, തിരുവനന്തപുരം
6) അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
7). ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
8) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

ജെ.ജെ